(എ) സംസ്ഥാനത്തെ കായൽ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 2005-06 വർഷത്തിൽ എത്ര റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിൽ ചൊക്ളി ഗ്രാമ പഞ്ചായത്തിലെ നാരായണൻ പറമ്പ്-മോന്താൽ കടവ് റോഡിനും ന്യൂമാഹി വാണ്കണ്ടം കോവിലകം റോഡിനും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്?

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യ ഇറക്കുമതി

153. [153] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005-06 സാമ്പത്തിക വർഷത്തിൽ ഇറക്കുമതിയിലൂടെ അന്യ സംസ്ഥാനങ്ങൾ വഴി സംസ്ഥാനത്ത് പ്ലാന്റുകളിൽ എത്തിയ മത്സ്യം എത്ര മെട്രിക് ടൺ ആണ്?

ഉത്തരം

2005-06 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ നിയന്ത്രണത്തിലുള്ള പ്ലാന്റുകളിൽ മത്സ്യം ഇറക്കുമതി ചെയ്തിട്ടില്ല. സ്വകാര്യ പ്ലാന്റുകളിൽ ഇറക്കുമതി ചെയ്ത മത്സ്യത്തിന്റെ കണക്കുകൾ ലഭ്യമല്ല.

മുൻ കായിക താരങ്ങൾക്കുള്ള പെൻഷൻ

154. [154] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് വകുപ്പിൽനിന്നും എത്ര മുൻ കായിക താരങ്ങൾക്കാണ് ഇപ്പോൾ പെൻഷൻ നൽകുന്നത്; ഇതിൽ മുൻ കളരിപ്പയറ്റ് കായിക താരങ്ങളെത്ര;

(ബി) മുൻ കായിക താരങ്ങളുടെ പെൻഷൻ സംബന്ധിച്ച് ഇപ്പോൾ എത്ര അപേക്ഷകൾ സ്പോർട്സ് കൗൺസിലിൽ തീരുമാനം എടുക്കാനുണ്ട്; ഇതിനകം എന്ത് തീരുമാനം കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും 186 മുൻകാല കായിക താരങ്ങൾക്ക് പെൻഷൻ നൽകി വരുന്നുണ്ട്. ഇതിൽ 28 പേർ മുൻ കളരിപ്പയറ്റ് കായിക താരങ്ങളാണ്.

(ബി) മുൻ കായിക താരങ്ങളുടെ പെൻഷൻ സംബന്ധിച്ച് സ്പോർട്സ് കൗൺസിലിൽ തീരുമാനം കൈക്കൊള്ളുന്നതിനായി നിലവിൽ അപേക്ഷകളൊന്നും തന്നെ ഇല്ല. 2004-05 വർഷങ്ങളിൽ അവശ കായിക താരങ്ങൾക്ക് പെൻഷൻ നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നില്ല. ഇതിലേക്കായി അപേക്ഷകൾ സ്വീകരിക്കാൻ നടപടി എടുത്തുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

സുനാമി ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം

മി. സ്പീക്കർ : സുനാമി ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ട തീരദേശങ്ങളിലെ രണ്ടായിരത്തിലധികം കുടുംബങ്ങളുടെ പുനരധിവാസവും പുനർനിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടെ പ്രഖ്യാപിത നടപടികൾ നടപ്പിലാക്കാത്തതിനാൽ ഉളവായിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ടി. കെ. ദേവകുമാർ, സി. കെ. നാണു, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, എ. എ. അസീസ്, പി. സി. ജോർജ്, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ. നൽ 30 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ പറയുകയാണ്. ഏത് ജനകീയ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് ഒരു എതിരല്ല. ഇവിടത്തെ നടപടിക്രമങ്ങളും ചട്ടങ്ങളും, അവസരങ്ങളും അതനുസരിച്ച് പ്രയോഗിക്കാനുള്ള സന്നദ്ധത ബഹുമാനപ്പെട്ട മെമ്പർമാർക്കും വേണം. ഇത് ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ഇത് ഇനിയും ചർച്ച ചെയ്യാൻ അവസരം ഉണ്ട്. സത്യത്തിൽ ഇത് അടിയന്തിരപ്രമേയത്തിന്റെ സ്പിരിറ്റിൽ വരുന്ന, പർവ്വ്യൂയിൽ വരുന്ന ഒന്നല്ല. അവസാനത്തെ സെഷൻ ആയതുകൊണ്ടും ആദ്യത്തെ ദിവസം ആയതുകൊണ്ടും അനുവദിച്ചില്ലെങ്കിൽ എട്ട് മെമ്പർമാർ സംസാരിക്കുമെന്നുള്ളതുകൊണ്ടും വാക്കൗട്ട് നടത്തി മറ്റൊരു തരത്തിലേക്ക് പോകുമെന്നുള്ളതിനാലും Balance of Convenience-നുവേണ്ടി തൽക്കാലം ഇത് ഉന്നയിക്കാൻ അവസരം തരുന്നു. വളരെ കാര്യമാത്ര പ്രസക്തമായി സംസാരിക്കാം.

9.30 a.m.

ശ്രീ. ടി. കെ. ദേവകുമാർ : Thank you Sir, ചെയറിന്റെ.....

LIBRARY ARCHIVES Kerala Legislative Assembly